**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യവകുപ്പ് - ശ്രീമതി സി.സുമംഗലാ ദേവി ഫയൽ ചെയ്ത OA 802/2020- ലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.08.2020 ലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (സാധാ) നം.1976 /2020/തസ്വഭവ തിരുവനന്തപുരം, തീയതി,20/10/2020

==========================================================================

പരാമർശം:- 1. 21/02/2015 ലെ ജി.ഒ (ആർ.റ്റി) 522/2015/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. ശ്രീമതി സി.സുമംഗലാ ദേവിയുടെ 10/02/2020 ലെ നിവേദനം
3. ശ്രീമതി സി.സുമംഗലാ ദേവി ഫയൽ ചെയ്ത 802/2020 നമ്പർ OA ലെ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 12.08.2020 ലെ വിധി ന്യായം
4. നഗരകാര്യ ഡയറക്ടറുടെ 03/06/2020 ലെ പി3-5152/2019 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി സി.സുമംഗലാ ദേവി ഫയൽ ചെയ്ത OA 802/2020 ലെ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

"The first respondent is directed to consider Annexure A7 representation submitted by the applicant in the light of the Annexure A4 order of the Government and issue necessary directions expeditiously. The first respondent is directed to pass appropriate orders on Annexure A7 representation within two months from the date of receipt of a copy of this order".

തിരുവനന്തപുരം നഗരസഭയിൽ നിന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 30/04/2007 ൽ റിട്ടയർ ചെയ്യുകയും തുടർന്ന് പരാമർശ ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III ലേയ്ക്ക് നോഷണൽ പ്രമോഷൻ അനുവദിച്ച ശ്രീമതി സി.സുമംഗലാ ദേവി, ടിയാരിക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്ന് ലഭിച്ച് വരുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് പെൻഷൻ സ്ലിപ്പ് ലഭിക്കുന്നില്ലെന്നും, ടിയാരിക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിച്ച് വരുന്ന പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ വഴി ട്രഷറി മുഖാന്തരം ലഭിക്കുന്നതിനുവേണ്ടി നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് സൂചന (2) പ്രകാരമുള്ള അനക്ഷർ എ 7 (Annexure A7) നിവേദനത്തിൽ ശ്രീമതി സി.സുമംഗലാ ദേവി അപേക്ഷിച്ചിരുന്നു.

ഇത് സംബന്ധിച്ച് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ശ്രീമതി സി.സുമംഗലാ ദേവിയെ താൽക്കാലികമായി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - III തസ്തികയിൽ നിയമിക്കുകയുണ്ടായി. ടി തസ്തികയിൽ ടിയാൾ ജോലി നോക്കി വരവെ ടിയാളെ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 10 മാസം അവശേഷിക്കെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി തിരുവനന്തപുരം നഗരസഭയിൽ നിയമിക്കുകയും, തിരുവനന്തപുരം നഗരസഭയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 30/04/2007 ൽ ടിയാൾ വിരമിക്കുകയുണ്ടായി. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ടിയാരിക്ക് പെൻഷൻ അനുവദിച്ച് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും, പെൻഷൻ അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ തിരുവനന്തപുരം നഗരസഭയിൽ അനുവദിക്കുകയും ആയത് ബാങ്ക് അക്കൗണ്ട് വഴി ടിയാരി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ടിയാരിക്ക് പെൻഷൻ സ്ലിപ്പ് എല്ലാ മാസവും അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 10 മാസം മാത്രം അവശേഷിക്കെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - III (പ്രൊവിഷണൽ) തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് തരംതാഴ്ത്തിയ നടപടിയ്ക്കെതിരെ ടിയാൾ സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സി.സുമംഗലാ ദേവിയെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - III തസ്തികയിലേയ്ക്ക് നോഷണലായി ഉദ്യോഗകയറ്റം അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രമാണ് നോഷണൽ പ്രമോഷൻ അനുവദിച്ചിട്ടുള്ളത് എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ ടിയാരി 30/04/2007 ൽ റിട്ടയർ ചെയ്ത് മുനിസിപ്പൽ കോമൺ സർവ്വീസിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ നിന്ന് പെൻഷൻ വാങ്ങി വരുന്ന ജീവനക്കാരിയായിരുന്നു. മേൽ ഉത്തരവ് പ്രകാരം ടിയാരിയുടെ മേൽ കാലയളവിലെ ശമ്പളം അക്കൗണ്ടന്റ് ജനറൽ ഫിക്സ് ചെയ്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 22/05/2015 ലെ പി3-16347/15 നമ്പർ ഉത്തരവ് പ്രകാരം ടിയാരിക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും ബാങ്ക് വഴി ടിയാരി കൈപ്പറ്റിയിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സി.സുമംഗലാ ദേവിയ്ക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - III തസ്തികയിലേയ്ക്ക് നോഷണലായി ഉദ്യോഗക്കയറ്റം അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പെൻഷൻ ആനുകൂല്യങ്ങൾക്ക് മാത്രമാണ് നോഷണൽ പ്രമോഷൻ അനുവദിച്ചിട്ടുള്ളത് എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാരി മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് മറ്റ് സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതുപോലെ 2071 എന്ന ശീർഷകത്തിൽ നിന്നും ട്രഷറി മുഖാന്തിരമല്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി മുനിസിപ്പൽ കോമൺ സ്ഥാപനം തന്നെ നിലനിർത്തിപ്പോരുന്ന പെൻഷൻ ഫണ്ടിൽ നിന്നും നേരിട്ടാണ് പെൻഷൻ നൽകി വരുന്നത്. ആയതിനാൽ ശ്രീമതി

സി.സുമംഗലാ ദേവിയുടെ Annexure A7 നിവേദനത്തിലെ ആവശ്യമായ പെൻഷൻ ട്രഷറി വഴി നൽകണമെന്ന നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ടും, എന്നാൽ ടിയാരിക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്ന് ലഭിച്ച് വരുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് പെൻഷൻ സ്ലിപ്പ് കൃത്യമായി നൽകണമെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

പരാമർശം (3) ലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തൃശ്ശൂർ
ശ്രീമതി സി.സുമംഗലാ ദേവി, റിട്ടയഡ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - III
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ